ഭരണഭാഷ-മാതൃഭാഷ

നമ്പർ.400269/GGGR12/GPO/2024/4583/(2)

തിരുപുറം ഗ്രാമ പഞ്ചായത്ത് ആഫീസ്

തിരുപുറം
തിരുപുറം.പി.ഓ
തിരുവനന്തപുരം
Phone No:04712260738
E-mail:thirupuramgp@gmail.com

തീയതി : 16/12/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹു.ജില്ലാ ജോയിൻറ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സർ,

വിഷയം:- കെട്ടിട നമ്പർ അനുവദിച്ചില്ലെന്ന ശ്രീ. സന്തോഷ്കുമാർ, ഉണ്ടുകാഞ്ഞിരംനിന്ന വിള വീട്, പഴയകട, തിരുപുറം പി.ഒ എന്നവരുടെ പരാതി - കെട്ടിട നമ്പർ അനുവദിച്ചത് - റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന:- തദ്ദേശ അദാലത്ത് പോർട്ടൽ മുഖേന ലഭിച്ച പരാതി - ഡോക്കറ്റ് നമ്പർ BPTVPM50301000014 .

മേൽവിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു ശ്രീ. സന്തോഷ്കുമാർ, ഉണ്ടുകാഞ്ഞിരംനിന്ന വിള വീട്, പഴയകട, തിരുപുറം പി.ഒ എന്നയാൾ 10/07/2024 തീയതിയിൽ 601/2020 നമ്പർ ആധാരം പ്രകാരം ലഭിച്ച റീസർവ്വെ 230/16, 230/16-1 ൽ 1.70 ആർ വസ്തുവിൽ 223.91 ച.മീ വിസ്തൃതിയുള്ള കെട്ടിടത്തിന് നമ്പരിനായി ഈ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. തിരുപുറം ഗ്രാമപഞ്ചായത്തിലെ പ്ലാന്തോട്ടം വാർഡിലെ 42–ാം നമ്പർ അംഗനവാടി കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലവും ടി നിർമ്മാണം പൂർത്തിയാക്കിയ സ്ഥലവും സംബന്ധിച്ച അവകാശ തർക്കത്തിൻറെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബഹു.ട്രിബ്യൂണൽ മുമ്പാകെയുള്ള 71/2022 നമ്പർ കേസ് നിലവിലുള്ളതിനാലാണ് കെട്ടിട നമ്പർ അനുവദിക്കുന്നതിന് കാലതാമസമുണ്ടായത്. ടി കേസിൻറെ ഭാഗമായി, 24/01/2024 ലെ ഉത്തരവ് പ്രകാരം പരാതിക്കാസ്പദമായ സ്ഥലം താലൂക്ക് സർവ്വേയർ അളന്ന് തിട്ടപ്പെടുത്തി അറിയിക്കുന്നതിന് 21/05/2024ന് കത്ത് നൽകിയിരുന്നു. അപ്രകാരം ഡോക്യുമെൻറ് നമ്പർ 601/20 പ്രകാരമുള്ള സ്ഥലവും ഡോക്യുമെൻറ് നമ്പർ 1002/20 പ്രകാരമുള്ള സ്ഥലവും വ്യത്യസ്തമാണെങ്കിൽ ശ്രീ. സന്തോഷ് കുമാറിന് പെർമിറ്റ്/റഗുലറൈസേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. താലൂക്ക് സർവ്വെയറുടെ റിപ്പോർട്ട് പ്രകാരം മഹിളാ സമാജത്തിന് നൽകിയ 1002/84 നമ്പർ ആധാര പ്രകാരമുള്ള സ്ഥലത്തിൻറെ ശരിയായ സ്ഥാനം നിർണ്ണയിക്കാൻ സാധിക്കുന്നില്ലായെന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

തുടർന്ന് സാങ്കേതികവിഭാഗം അസി.എഞ്ചിനിയറുടെ റിപ്പോർട്ട് പ്രകാരം ടി നിർമ്മാണം കെ പി ബി ആർ 2019 ന് വിധേയമായതിനാൽ 22/11/2024 തീയതി ശ്രീ. സന്തോഷ് കുമാറിന് 9/486 C എന്ന കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ള വിവരം പരാതി തീർപ്പാക്കുന്നതിലേയ്ക്കായി റിപ്പോർട്ട് ചെയ്ത്കൊള്ളുന്നു.

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by Velmurugan T
Date: 2024.11.22 17:18:01 IST
Reason: ILGMS Govt. of Kerala

റ്റി വേൽ മുരുകൻ
സെക്രട്ടറി